ഓപ്പറേഷൻ കുബേര

226 (2098) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓപ്പറേഷൻ കുബേര ക്യാമ്പയിൻ പ്രകാരം 2014 ഒക്ടോബർ മുതൽ നവംബർ 30 വരെ മാത്രമായി എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

'ഓപ്പറേഷൻ കുബേര' മുഖേന 2014 ഒക്ടോബർ മുതൽ നവംബർ 30 വരെ സംസ്ഥാനത്ത് 151 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വിജിലൻസ് കേസിൽ പ്രതിയായിരുന്ന പോലീസ് ഉദ്യോഗസ്ഥനെ പൊതുമേഖലാ സ്ഥാപനത്തിൽ വിജിലൻസ് ഓഫീസറായി നിയമിച്ചത് സംബന്ധിച്ച വിവരം

227 (2099) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് കേസ്സിൽ പ്രതിയായിരുന്ന ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന് വിരമിച്ചതിനുശേഷം ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ വിജിലൻസ് ഓഫീസറായി നിയമനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് ഉദ്യോഗസ്ഥനാണെന്നും ഏത് പൊതുമേഖലാ സ്ഥാപനത്തിലാണ് നിയമനം നൽകിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ ; പ്രസ്തുത ഉദ്യോഗസ്ഥനെതിരെ സർവ്വീസിലിരുന്നപ്പോൾ ഏതെല്ലാം കേസ്സുകളാണ് ചാർജ്ജ് ചെയ്തിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ അദ്ദേഹത്തിന്റെ ഔദ്യോഗിക കാലയളവിലുണ്ടായിരുന്ന ഏതെങ്കിലും ആരോപണങ്ങൾ തെളിയിക്കപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിജിലൻസ് കേസ്സിൽ പ്രതിയായിരുന്ന ഒരാളെ വിജിലൻസ് ഓഫീസറായി നിയമിക്കുന്നത് ശരിയായ നടപടിയാണെന്ന കരുതുന്നുണ്ടോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly